# മൻ കി ബാത്ത്

വാല്യം–5



# മൻ കി ബാത്ത്

## വാല്യം–5

**രചയിതാക്കൾ**
ശാരദ മോഹൻ, തനുശ്രീ ബാനർജി

**ഇല്ലസ്ട്രേഷൻ, കവർ ഡിസൈൻ**
ദിലീപ് കാദം

**അസിസ്റ്റന്റ് ആർട്ടിസ്റ്റ്**
രവീന്ദ്ര മൊകാതെ

**ലേയ്ഔട്ട് ആർട്ടിസ്റ്റ്**
തരങ്കിണി മുഖർജി

**നിർമ്മാണം**
അമർ ചിത്ര കഥ

**പ്രസാധനം**
അമർ ചിത്ര കഥ പ്രൈവറ്റ് ലിമിറ്റഡ്

**എഡിഷൻ I**

ISBN – 978-81-19596-82-9

Amar Chitra Katha Pvt. Ltd, August 2023

© Ministry of Culture, Govt of India, August 2023
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.



**പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,**

നമ്മുടെ രാഷ്ട്രത്തിന്റെ, ഈ ഭൂമിയുടെതന്നെ, ഭാവി നമ്മുടെ യുവാക്കളുടെ കൈകളിലാണ്. ലോകത്തിലെ ഏറ്റവും സന്തുഷ്ടവും സമ്പന്നവുമായ രാഷ്ട്രമെന്ന പദവിയിലേയ്ക്ക് നമ്മൾ ഉയരുമോ ഇല്ലയോ എന്നത് നിങ്ങളെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

നാം നമ്മുടെ കഴിവിന്റെ പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു, നമുക്കു മുമ്പുള്ള തലമുറകൾ അവരുടെ പരമാവധി പരിശ്രമിച്ചിരുന്നു.

നമുക്കു തെറ്റുകൾ സംഭവിച്ചിരിക്കാം. നമ്മുടെ പ്രയത്നങ്ങളിൽ നിന്നും തെറ്റുകളിൽ നിന്നും പാഠം ഉൾക്കൊണ്ടു കൊണ്ട് ഇന്ത്യ ശരിയായ പാത കണ്ടെത്തണം. അതുകൊണ്ടാണ്, നമ്മുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും സംസ്കാരം സംരക്ഷിക്കുന്നതിനും നശിച്ചുപോയവയെ പുനരുജ്ജീവിപ്പിക്കാനും പുതിയ പ്രതീക്ഷകൾ നൽകാനും വളരെയധികം പരിശ്രമിച്ച നമ്മുടെ യുവാക്കളെ ഇവിടെ അവതരിപ്പിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നത്.

ഏതാണ്ട് വംശനാശം സംഭവിച്ച കൊങ്കൺ കലാരൂപമായ ‘കാവി’ യെ ജീവസുറ്റതാക്കിയ സാഗർ മുലെയെക്കുറിച്ച് മൻ കി ബാത്ത് കോമിക്കിന്റെ അഞ്ചാം പതിപ്പിൽ നിങ്ങൾക്കു വായിക്കാം.

13-ാം വയസ്സിൽ എവറസ്റ്റ് കൊടുമുടി കീഴടക്കിയ, ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പെൺകുട്ടിയായി മാറിയ പൂർണ്ണ മാലവതിന്റെ പോരാട്ടത്തെയും വിജയത്തെയും കുറിച്ച് നിങ്ങൾക്കു പഠിക്കാം.

ആറാം വയസ്സു മുതൽ മുത്തച്ഛനെ പിൻതുടരുകയും അദ്ദേഹത്തിൽ നിന്ന് ഔഷധ സസ്യങ്ങളെക്കുറിച്ചും രോഗശാന്തിയെക്കുറിച്ചുമെല്ലാം പഠിച്ച പടയാട്ട് സാഹുവിനെ നിങ്ങൾക്കു പരിചയപ്പെടാം.

ജിജ്ഞാസുക്കളായിരിക്കുക, പഠനോത്സുകരാകുക, ഭയ ലേശമെന്യെ വെല്ലുവിളികളെ നേരിടുക.

# ഉള്ളടക്കം


| | | |
|---|---|---|
| 1 | സാഗർ നായിക് മുലെ | 3 |
| 2 | പടയാട്ട് സാഹു | 6 |
| 3 | ചന്ദ്രകിഷോർ പാട്ടീൽ | 9 |
| 4 | ജതിൻ ലളിത് സിങ് | 11 |
| 5 | രോഹൻ കാലെ | 14 |
| 6 | ശ്യാം സിങ്, കുൻവർ സിങ് | 17 |
| 7 | ഗൗതം ദാസ് | 20 |
| 8 | അരുൺ കൃഷ്ണമൂർത്തി | 22 |
| 9 | പൂർണ്ണ മലവത്ത് | 25 |
| 10 | ബിക്രംജിത്ത് ചക്മ | 28 |
| 11 | മനോജ് ബെഞ്ച്‌വാൾ | 30 |

# സാഗർ നായിക് മുലെ













*പശ്ചിമഘട്ട തീര മേഖലയായ ഗോവ, കർണ്ണാടക, മഹാരാഷ്ട്രീ മേഖലകൾ ഉൾപ്പെടുന്ന പ്രദേശം.


ഹൈദരാബാദിലെ ഒരു കോളേജിൽ ഫൈൻ ആർട്സ് പഠിക്കുമ്പോൾ–
നമ്മുടെ നാട്ടിലെ പല പ്രാചീന കലാരൂപങ്ങളും അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇതിൽ കാവിയും ഉൾപ്പെടുന്നു.
ബിരുദാനന്തര ബിരുദത്തിനു ശേഷം, സാഗർ കാവിയിൽ ഗവേഷണം ആരംഭിച്ചു.
വളരെ ശ്രദ്ധേയമായ ഡിസൈനുകൾ! ഇതിനെ ചുമരുകളിലേയ്ക്കു പകർത്തിയാൽ ആളുകൾ അതിനെ എങ്ങനെ ഉൾക്കൊള്ളും?
കാവി കൂടുതൽ ആളുകളിലെത്തിക്കാൻ കടലാസിലോ ക്യാൻവാസിലോ പുനഃസൃഷ്ടിക്കേണ്ടതുണ്ടെന്ന് അദ്ദേഹത്തിനു തോന്നി.
2020ൽ, നവരാത്രി ഉത്സവത്തിന് തൊട്ടുമുമ്പ്–
കൊവിഡ്–19 ലോക്ക്ഡൗൺ കാലത്താണ് ഉത്സവം വരുന്നത്. എന്റെ കലാപ്രവർത്തനം കുറച്ചുകൂടി സന്തോഷപ്രദമായേക്കും.
OCTOBER
കടലാസിൽ സാഗർ കാവി എന്ന കലയെ ഉപയോഗിച്ചു തുടങ്ങി. ഗോവയിലെ കുലദേവിമാരായിരുന്നു ചിത്രങ്ങളിലെ വിഷയം.
ഇതു വരയ്ക്കാൻ മണ്ണ് ഉപയോഗിക്കുന്നതിലൂടെ ഞാൻ പ്രകൃതിയെയും ദൈവത്തെയും ബഹുമാനിക്കുകയാണ് ചെയ്യുന്നത്.
തന്റെ കലാസൃഷ്ടികൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തപ്പോൾ പരക്കെ സ്വീകരിക്കപ്പെട്ടു.




*വിവിധ രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക സഹകരണത്തിനുള്ള ഫോറം.

# പടയാട്ട് സാഹു




*ഒഡീഷയിലെ ഒരു ജില്ല

** ഒഡിയ ഭാഷയിൽ മുത്തച്ഛൻ.

^ നാട്ടു വൈദ്യൻ




*കാലഹണ്ടി ജില്ലയിലെ പാരമ്പര്യ വൈദ്യ സംഘം
^ ഒഡിയ ഭാഷയിൽ അച്ഛൻ
















*ഒരു മരുന്നു സസ്യം
** ഉണക്കിയ ഇഞ്ചികൊണ്ടുള്ള മരുന്നുപൊടി.

# ചന്ദ്രകിഷോർ പാട്ടീൽ




*ഗോദാവരി നദിയുടെ ഒരു കൈവഴി

**കുപ്പിച്ചില്ലിന്റെ പൊടി പൂശിയ നൂൽ. ഇത് പട്ടം പറത്താനായി ഉപയോഗിക്കുന്നു.




*ഹിന്ദി ഭാഷയിൽ സഹോദരൻ

^ഒരു ഹിന്ദുമത ആഘോഷം

# ജതിൻ ലളിത് സിങ്




*ഉത്തർ പ്രദേശിലെ ഒരു ജില്ല


സെന്ററിന്റെ പണി നടക്കുന്ന സമയത്ത് ജതിനും കൂട്ടുകാരും ചേർന്ന് പുസ്തകശേഖരണ യജ്ഞം ആരംഭിച്ചു. ഏതാനും ആഴ്ചകൾക്കുശേഷം –
നൂറിലധികം ഹിന്ദി, ഇംഗ്ലീഷ് സാഹിത്യ പുസ്തകങ്ങളും മത്സര പരീക്ഷകൾക്കുള്ള പുസ്തകങ്ങളും ഇപ്പോൾ ഞങ്ങളുടെ പക്കലുണ്ട്.
എല്ലാവർക്കും അഭിനന്ദനം! ഇതിന്റെ പ്രവർത്തനം ഇനിയും തുടരാം.
2020 നവംബറിൽ –
ബൻസ കമ്മ്യൂണിറ്റി ലൈബ്രറിയിലേക്കും റിസോഴ്സ് സെന്ററിലേക്കും സ്വാഗതം. ലൈബ്രറി ഉപയോഗിക്കുന്നതിന് ഫീസില്ല, പുസ്തകങ്ങൾ തിരികെ ലഭിക്കാൻ വൈകിയാൽ പിഴയും ഈടാക്കില്ല.
RY & RESOURCE CENTRE
അതു മഹത്തരമായി!
ലൈബ്രറി സന്ദർശിക്കാൻ പ്രോത്സാഹിപ്പിച്ചുകൊണ്ട് സന്നദ്ധ പ്രവർത്തകരുടെ ഒരു സംഘം ജനങ്ങൾക്കിടയിൽ പ്രവർത്തിച്ചു.
കുട്ടികൾക്കും യുവാക്കൾക്കുമൊപ്പം സ്ത്രീകളും ലൈബ്രറി സന്ദർശിക്കാൻ തുടങ്ങി.
സ്കൂൾ കാലത്ത് ഞാനൊരു പുസ്തകവും വായിച്ചിട്ടില്ല. ഇവിടെ ധാരാളം പുസ്തകങ്ങളുണ്ട്.
ഇടയ്ക്കിടെ ഒരുമിച്ചിരുന്നു വായിക്കാനായി നമുക്കിവിടെ ഒത്തുകൂടാം.
2021 മാർച്ചിൽ കോവിഡിന്റെ രണ്ടാം തരംഗമുണ്ടായപ്പോൾ, ജതിൻ 'റൂറൽ കോവിഡ് റിലീഫ് വർക്ക്' എന്ന പേരിൽ ഒരു കാമ്പയിൻ ആരംഭിച്ചു.
നിങ്ങളുടെ ശരീര താപനിലയും ഓക്സിജന്റെ അളവും പരിശോധിക്കാനാണ് വന്നത്. ഇവിടെ കാര്യങ്ങൾ എങ്ങിനെ പോകുന്നു?
എന്റെ ഭർത്താവിന് ജോലി നഷ്ടപ്പെട്ടു. പലചരക്ക് സാധനങ്ങളോ മരുന്നുകളോ പോലും വാങ്ങാൻ ഞങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്.
നിങ്ങൾ ഒറ്റയ്ക്കല്ല, ഞങ്ങളുണ്ട് നിങ്ങളുടെ കൂടെ. ഞങ്ങൾ നിങ്ങൾക്ക് റേഷൻ കിറ്റ് നൽകാം, നിങ്ങളുടെ ആരോഗ്യ ചെലവുകൾ കൈകാര്യം ചെയ്യാൻ സഹായിക്കാം.
നിങ്ങൾക്ക് ഒരുപാടു നന്ദി!
ജതിനും സംഘവും ഫണ്ട് ശേഖരിക്കുകയും ബൻസയിലും ചുറ്റുമുള്ള ഗ്രാമങ്ങളിലുമുള്ള 11,000 – ത്തിലധികം ആളുകൾക്ക് ആവശ്യമായ പിന്തുണ നൽകുകയും ചെയ്തു. കൊവിഡ് വാക്സിനേഷൻ എടുക്കാൻ അവർ ഗ്രാമീണരെ സഹായിച്ചു.


മാസങ്ങൾക്കുശേഷം, എല്ലാം സാധാരണ നിലയിലായപ്പോൾ –
കോവിഡ് സമയത്ത് നിങ്ങൾ നടത്തിയ എല്ലാ പ്രവർത്തനങ്ങൾക്കും നന്ദി. ഇനി, ബൻസക്കപ്പുറം വായനാശീലം പ്രചരിപ്പിക്കാനുള്ള വഴികൾ നാം കണ്ടെത്തണം.
കുട്ടികളിൽ വായനാ ശീലം വളർത്താൻ സ്കൂളുകളിൽ വായനാ ശിൽപശാലകൾ സംഘടിപ്പിക്കാം.
ജതിനും സംഘവും ഹർദോയ് ജില്ലയിലുടനീളം സഞ്ചരിച്ച് പ്രാദേശിക സ്കൂളുകളിൽ ശിൽപശാലകൾ നടത്തി.
ജതിൻ ഭയ്യാ, നിങ്ങൾ ഞങ്ങൾക്കായി വായിക്കാൻ തന്ന പുസ്തകങ്ങൾ ഗംഭീരമാണ്. ഞങ്ങൾക്ക് ലൈബ്രറിയിൽ നിന്ന് കൂടുതൽ പുസ്തകങ്ങൾ ലഭിക്കുമോ?
നമുക്ക് ഒരു ബുക്ക് ക്ലബ് തുടങ്ങിയാലോ, അതിലൂടെ എല്ലാ ആഴ്ചയും നമുക്ക് ഇഷ്ടപ്പെട്ട പുസ്തകങ്ങളെക്കുറിച്ച് സംസാരിക്കാൻ കഴിയുമോ?
അത് നന്നാകും! ഞങ്ങൾ വേണ്ട സഹായങ്ങൾ ചെയ്യാം.
2022 ആയപ്പോഴേക്കും 36 ഗ്രാമങ്ങളിലെ ആളുകൾക്ക് വായനാ സാമഗ്രികൾ നൽകാൻ ജതിനും സംഘത്തിനും കഴിഞ്ഞു. കമ്മ്യൂണിറ്റി ലൈബ്രറിയിൽ നിലവിൽ മൂവായിരത്തിലധികം പുസ്തകങ്ങളുണ്ട്.
മൻ കി ബാത്ത് എന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ജതിന്റെ ശ്രമങ്ങളെ പ്രശംസിച്ചു.
വിദ്യാഭ്യാസരംഗത്ത് കൊളുത്തുന്ന ഒരു ചെറിയ വിളക്കു പോലും സമൂഹത്തിനാകെ പ്രകാശം നൽകും. ബൻസ ഗ്രാമത്തിലെ ജതിൻ ലളിത് സിങ് ജി വിജ്ഞാനത്തിന്റെ ജ്വാല ജ്വലിപ്പിക്കുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു.
പ്രശംസകൾ ഏറ്റുവാങ്ങുമ്പോഴും വിനയാന്വിതനായ ജതിൻ സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള തന്റെ പരിശ്രമങ്ങൾ പൂർവ്വാധികം ശക്തമാക്കാൻ ആഗ്രഹിച്ചു.
ബൻസയെ ഒരു മാതൃകാ ഗ്രാമമാക്കി മാറ്റാനുള്ള കാഴ്ചപ്പാടാണ് എനിക്കുള്ളത്, ഇവിടെ ഞങ്ങൾ പൊതുജനാരോഗ്യത്തിനും ശുചിത്വത്തിനും മുൻഗണന നൽകുന്നു.

# രോഹൻ കാലെ













* പതിനാറാം നൂറ്റാണ്ടിലെ പഞ്ചാബ് ഗവർണർ.
** ഭൂഗർഭ ജലനിരപ്പിലേക്ക് നയിക്കുന്ന നീണ്ട പടവുകളുള്ള കിണറുകൾ അല്ലെങ്കിൽ കുളങ്ങൾ


രോഹൻ കൂടുതൽ പടിക്കിണറുകൾ സന്ദർശിച്ചു, താമസിയാതെ മഹാരാഷ്ട്രയിലെ പടിക്കിണറുകളെ കുറിച്ച് ആശ്ചര്യപ്പെടാനാരംഭിച്ചു.
എത്ര ഗംഭീരമായ നിർമ്മിതികളാണിത്. എന്റെ സ്വന്തം സംസ്ഥാനത്തിലുള്ള തുപോലും ഞാനിതുവരെ കണ്ടിട്ടില്ലല്ലോ എന്നത് വിശ്വ സിക്കാൻ കഴിയുന്നില്ല.
ഈ ചിന്ത ഒരു ആശയമായി വളർന്നു, 2020 ൽ–
ഞാൻ ഈ ജോലി ഉപേക്ഷിക്കാൻ പോകുന്നു.
എന്തിന്? എന്നിട്ട് എന്തു ചെയ്യാൻ പോകുന്നു?
ഞാൻ മഹാരാഷ്ട്രയി ലെ പടിക്കിണറുകൾ കാണാൻ പോകുകയാണ്.
മോട്ടോർ ബൈക്കിനു പുറകിൽ അവശ്യ സാധനങ്ങളുമായി, രോഹൻ ഒരു ജില്ലയിൽ നിന്ന് മറ്റൊന്നിലേക്ക് പടിക്കിണറുകൾ കാണാനായി സഞ്ചരിച്ചു.
ഇതും തകർച്ചയിലാണ്.
...കൂടാതെ അവയെ ഒരു മാപ്പിൽ ശ്രദ്ധാപൂർവ്വം അടയാളപ്പെടുത്തി.
അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ, മഹാരാഷ്ട്രയിലെ 400-ലധികം പടിക്കിണറുകൾ സന്ദർശിക്കാൻ അദ്ദേഹത്തി നു സാധിച്ചു.
മഹാരാഷ്ട്രയിലെ 80 ശതമാനത്തോളം പടിക്കിണറുകളും വളരെ മോശം അവസ്ഥയിലാണ്. അതിനായി എനിക്കെന്തെ ങ്കിലും ചെയ്യണം.
ഏതാനും സന്നദ്ധപ്രവർത്തകരുമായി പ്രവർത്തിച്ചുകൊണ്ട് രോഹൻ മഹാരാഷ്ട്ര സ്റ്റെപ്പ് വെൽ കാമ്പെയിൻ ആരംഭിച്ചു.
പടിക്കിണർ വൃത്തിയാക്കാൻ വന്നതാണെന്ന് കേട്ടു. സത്യമാണോ?
അതെ. ഇത് ഏകദേശം 800 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചതാ ണെന്ന് നിങ്ങൾക്കറിയാമോ? ഇത് വൃത്തിയാക്കിയാൽ, നഗരം മുഴുവൻ ജലം സംഭരിക്കുന്ന തിനായി ഇതിനെ ഉപയോഗിക്കാം.


നിങ്ങൾ നല്ല കാര്യമാണ് ചെയ്യുന്നത്. ഞങ്ങ ളുണ്ട് നിങ്ങൾ ക്കൊപ്പം.
ഈ പടിക്കിണറുക ളിൽ വിളക്കു കൊളുത്തി ഉത്സവങ്ങൾ ആഘോഷിക്കുന്ന നമ്മുടെ പഴയ പാരമ്പര്യവും പുനരുജ്ജീവിപ്പിക്കണം.
കൂടുതൽ ആളുകൾ ചേർന്നതോടെ പണി അതിവേഗം പുരോഗമിച്ചു.
രോഹൻ തന്റെ പദ്ധതിക്കായി ഇതുവരെ 1.5 ലക്ഷം രൂപ ചെലവഴിച്ചു, കൂടാതെ മഹാരാഷ്ട്രയിലെ 1,650-ലധികം സ്റ്റെപ്പ് വെല്ലുകൾ മാപ്പ് ചെയ്യാൻ 14,000 കിലോമീറ്റർ സഞ്ചരിച്ചു.
രോഹൻ നിങ്ങൾ ചെയ്തത് ഒരു വലിയ കാര്യമാണ്.
മാപ്പിംഗ് പൂർണ്ണമായിട്ടില്ല. പടിക്കിണ റുകൾ ഇനിയും പുനഃസ്ഥാപിക്കേണ്ടതുണ്ട്, കൂടുതൽ ആളുകളിൽ അവയെക്കുറിച്ച് അവബോധമുണ്ടാക്കേണ്ടതുണ്ട്. എനിക്കൊരു സൂത്രം തോന്നുന്നു.
രോഹൻ മഹാരാഷ്ട്ര ടൂറിസം ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടറായ ഡോ. ധനഞ്ജയ് സവാൽക്കറെ സമീപിച്ചു.
സർ, മഹാരാഷ്ട്ര ടൂറിസം വെബ്സൈറ്റിൽ സ്റ്റെപ്പ് വെല്ലുകളെക്കുറി ച്ചുള്ള ഒരു ഭാഗം ഉൾപ്പെടു ത്തണം. ഞങ്ങൾ അവ പുനഃസ്ഥാ പിച്ചിട്ടുണ്ട്, അതിന്റെ ചരിത്രം വിനോദസ ഞ്ചാരികളെ ആകർഷിക്കു കതന്നെ ചെയ്യും.
മ്.... വളരെ നല്ല ആശയം!
2022 ലെ ലോക ടൂറിസം ദിനത്തിൽ, മഹാരാഷ്ട്ര ടൂറിസം വെബ്സൈറ്റിലേക്ക് സ്റ്റെപ്പ് വെല്ലുകളെക്കുറിച്ചുള്ള ഒരു വിഭാഗം ചേർത്തു.
2022 മാർച്ച് 1-ന് മഹാശിവരാത്രി ഉത്സവ വേളയിൽ-
ഹായ് എന്തൊരു കാഴ്ച!
എന്റെ പ്രയത്നങ്ങൾ ഒടുവിൽ ഫലം കണ്ടെന്നു തോന്നുന്നു.
160 പടിക്കിണറുകൾ ശുചീകരിച്ച് ദീപാലങ്കാരം നടത്തി.
സ്റ്റെപ്പ് വെല്ലുകൾ ഡോക്യുമെന്റുചെയ്യാൻ രോഹൻ ഇപ്പോൾ ആർക്കിടെക്ചർ കോളേജുകളുമായി സഹകരിക്കുകയാണ്.
ഡ്രോൺ ദൃശ്യങ്ങളും ലഭ്യമാക്കാൻ പോകുകയാണ്. എല്ലാ സ്റ്റെപ്പ് വെല്ലുകളും പുനരുജ്ജീവിപ്പിച്ചാൽ അത് ജല സംരക്ഷണത്തിലേക്കുള്ള വലിയ ചുവടുവയ്പായിരിക്കും. വരൾച്ചാരഹിത മഹാരാഷ്ട്രക്കായി നമുക്ക് കാത്തിരിക്കാം.

# ശ്യാം സിങ്, കുൻവർ സിങ്




*ഉത്തർ പ്രദേശിലെ ആഗ്ര ജില്ലയിലെ ഒരു ഗ്രാമം




*നടപ്പാത/തറയോടു പാകിയ പാത
**ഭൂഗർഭ ജലം




* അടുത്തുള്ള ഒരു ഗ്രാമം

# ഗൗതം ദാസ്




*ത്രിപുരയുടെ തലസ്ഥാനം


ഏതാനും ആഴ്ചകൾക്കുശേഷം, രാജ്യത്തുടനീളം ലോക്ക്ഡൗൺ പ്രഖ്യാപിച്ചു.
ജോലിയില്ലാതായിട്ട് രണ്ടാഴ്ചയിലേറെയായി. കുറച്ചു സമ്പാദ്യമുണ്ടായതിന് ദൈവത്തിന് നന്ദി. അല്ലെങ്കിൽ, എനിക്ക് അതിജീവിക്കാൻ കഴിയുമായിരുന്നില്ല.
സങ്കടകരം, ബേബി അധികം പണം സ്വരൂപിച്ചിരുന്നില്ല. നാലു ദിവസമായി അവന്റെ മക്കൾ ഭക്ഷണം കഴിച്ചിട്ട്.
ഗൗതമിന് രാത്രി മുഴുവൻ ഉറങ്ങാൻ കഴിഞ്ഞില്ല. നേരം പുലർന്നപ്പോൾ–
എന്റെ സമ്പാദ്യത്തിൽ നിന്ന് അരിയും പരിപ്പും വാങ്ങി ബേബിക്ക് കൊടുക്കാം.
വൈകാതെ–
ഇതാ, ബേബി. ഇവ എടുത്തോളൂ, അടുത്ത ആഴ്ച കൂടുതൽ റേഷൻ കൊണ്ടുവരാം.
എങ്ങിനെയാണ് നിങ്ങളോടു നന്ദി പറയേണ്ടതെന്നറിയില്ല!
ഗൗതം സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങി, പക്ഷേ ഭക്ഷണത്തിനു ബുദ്ധിമുട്ടുന്ന മറ്റു കുടുംബങ്ങളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി.
അധികം താമസിയാതെ കൂടുതൽ അരിയും പരിപ്പും വാങ്ങി പാക്കറ്റുകളിലാക്കി ഭക്ഷണം കിട്ടാത്തവർക്കെല്ലാം വിതരണം ചെയ്തു.
സമീപ പ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും ഇതു മതിയാകും.
പാൻഡെമിക് സമയത്ത് 160–ലധികം കുടുംബങ്ങൾക്ക് ഭക്ഷണം നൽകാൻ ഗൗതം തന്റെ സമ്പാദ്യത്തിൽ നിന്ന് 8,000 രൂപ ചെലവഴിച്ചു.
അദ്ദേഹത്തിന്റെ നിസ്വാർത്ഥ പ്രയത്നങ്ങൾക്ക്, അന്നത്തെ മുഖ്യമന്ത്രി ബിപ്ലബ് കുമാർ ദേബ്, ഗൗതമിനെ അഭിനന്ദിച്ചു, അദ്ദേഹത്തിന് മുഖ്യമന്ത്രി സഹായവും പിന്തുണയും വാഗ്ദാനം ചെയ്തു.
മൻ കി ബാത്തിലൂടെ ഗൗതം ദാസിനെ പ്രധാനമന്ത്രി മോദി പ്രശംസിച്ചു.

# അരുൺ കൃഷ്ണമൂർത്തി


സുസ്ഥിരത എന്നാൽ എന്താണെന്ന് ആർക്കെങ്കിലും പറയാമോ?
പരിസ്ഥിതിയും നമ്മുടെ പ്രകൃതി വിഭവങ്ങളും സംരക്ഷിക്കുന്ന ഒരു ജീവിതരീതിയാണ് സുസ്ഥിരത.


അത് ശരിയാണ്, പരുൾ. സുസ്ഥിര ജീവിതത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി ജീവിതം സമർപ്പിച്ച അരുൺ കൃഷ്ണമൂർത്തി എന്ന വ്യക്തിയെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം.


ബിരുദ പഠനം പൂർത്തിയാക്കിയ ശേഷം അരുൺ കൃഷ്ണമൂർത്തി ഹൈദരാബാദിൽ ജോലി ചെയ്യാനാരംഭിച്ചു.
കൊള്ളാം, അരുൺ! നിങ്ങൾ ഈ ടാസ്ക് വളരെ വേഗത്തിൽ പൂർത്തിയാക്കി.
ഛെ! അപ്പോൾ അത് പൂർത്തിയായി, എനിക്ക് ഇപ്പോഴും ക്ലീൻ – അപ്പ് ഡ്രൈവിൽ എത്താൻ കഴിയും.


അരുണിന്റെ താൽപ്പര്യങ്ങൾ മറ്റൊരു ദിശയിലായിരുന്നു – എൻവയോൺമെന്റലിസ്റ്റ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ (ഇ.എഫ്.ഐ.) തുടങ്ങാൻ അദ്ദേഹം സ്വയം പ്രേരിതനായി.
കുളങ്ങളും തടാകങ്ങളും പോലെയുള്ള ശുദ്ധജല സ്രോതസ്സുകൾ വൃത്തിയാക്കി പുനഃസ്ഥാപിക്കുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം.
ENVIRONMENTALIST FOUNDATION OF INDIA
E.F.I.


ഇ.എഫ്.ഐയുടെ ഭാഗമായി. അരുണും അദ്ദേഹത്തിന്റെ സന്നദ്ധ പ്രവർത്തകരുടെ സംഘവും മാലിന്യ സംസ്കരണം പോലെ സാധ്യമായ നിരവധി മേഖലയിൽ പരിസ്ഥിതിക്കു വേണ്ടി പ്രവർത്തിക്കുന്നു.
ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ ഈ കുഴി ഉപയോഗിക്കണം. കുറച്ച് കാലത്തിനുള്ളിൽ, ഇത് നിങ്ങളുടെ ചെടികൾക്ക് വളമായി മാറും.
മൃഗസംരക്ഷണവും പുനരധിവാസവും...
STREET DOG VACCINATION DRIVE
ഗ്രാമങ്ങളെ പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമാക്കാൻ സഹായിക്കുന്നു...
സർ, ഇത് നമ്മുടെ വീടുകളിൽ കൂടുതൽ ശുദ്ധജലമെത്തിക്കുമോ?
അതെ, ഈ പൈപ്പുകൾ മഴവെള്ളം ശേഖരിക്കാനും വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കാനും നിങ്ങളെ സഹായിക്കും.
... കൂടാതെ ജലാശയങ്ങൾ വൃത്തിയാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.
തടാകം വൃത്തിയാക്കിയ ശേഷം ആളുകൾക്ക് മാലിന്യം വലിച്ചെറിയാൻ പറ്റാത്ത വിധം ചുറ്റും വേലി കെട്ടിക്കൊണ്ടിരിക്കുകയാണ്.
അരുണിന്റെ സംഘടന 15 – ലധികം സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്, എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും പ്രവർത്തിക്കാൻ ലക്ഷ്യമിടുന്നു.


സൈക്ലേക്സ്, ലേക്ക് സവാരി തുടങ്ങിയ പധതികളിലൂടെ ഇ.എഫ്.ഐ. ജനങ്ങളിൽ അവബോധം വളർത്താനായി പ്രവർത്തിക്കുന്നു.
സൈക്ലേക്കുകളുടെ ഭാഗമായി, നിങ്ങളുടെ അടുത്തുള്ള തടാകങ്ങളിലേക്ക് സൈക്കിൾ ചവിട്ടാനും ചുറ്റിക്കാണാനും വേണ്ട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.
ഇവിടെയുള്ള, ഞങ്ങളുടെ പ്രാദേശിക ഗൈഡ് നിങ്ങളെ ഒരു പാരിസ്ഥിതിക യാത്രയ്ക്കു കൊണ്ടുപോകും.


ജലാശയങ്ങളെക്കുറിച്ചും അവയുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും അരുൺ നിരവധി ഡോക്യുമെന്ററി സിനിമകൾ ചെയ്തിട്ടുണ്ട്.
2012ൽ ചെന്നൈയിലെ കിൽക്കത്തലൈ തടാകത്തിന്റെ പുനരുധാരണത്തിന് 'റോളക്സ് അവാർഡ് ഫോർ എന്റർപ്രൈസ്'' നേടിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായി അരുൺ മാറി. ടൈം മാഗസിൻ 2022–ൽ അദ്ദേഹത്തെ 'നെക്സ്റ്റ് ജനറേഷൻ ലീഡർ' എന്ന് നാമകരണം ചെയ്തു.


2022ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ റേഡിയോ ഷോയായ മൻ കി ബാത്തിൽ അദ്ദേഹത്തിന്റെ ശ്രമങ്ങളെ അഭിനന്ദിച്ചു.
നൂറ്റാണ്ടുകളായി, ജലസ്രോതസ്സുകളുടെ സംരക്ഷണം സാമൂഹ്യ പ്രകൃതിയുടെ ഭാഗമാണ്.
അരുൺ കൃഷ്ണമൂർത്തി 150 ലധികം കുളങ്ങളുടേയും തടാകങ്ങളുടേയും ശുചീകരണ പ്രവർത്തനങ്ങളുടെ ചുമതല ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞു.

# പൂർണ്ണ മലവത്ത്




*തെലങ്കാനയിലെ ഒരു ഗ്രാമം
** തെലങ്കാനയിലെ ഒരു ഗ്രാമം

^തെലങ്കാന സോഷ്യൽ വെൽഫെയർ റസിഡൻഷ്യൽ എഡ്യുക്കേഷനൽ ഇൻസ്റ്റിറ്റ്യൂഷൻ സൊസൈറ്റി.


2007ൽ എവറസ്റ്റ് കീഴടക്കിയ, വൈദഗ്ധ്യമുള്ള പർവതാരോഹകനായിരുന്നു പൂർണയുടെ പരിശീലകൻ ശേഖർ ബാബു ബച്ചിനേപ്പള്ളി.
പൂർണ്ണ വളരെ സ്വാഭാവികമായി കയറുന്നു!
ഒരു ദിവസം റിട്ട. ഐ.പി.എസ്. ഓഫീസറും ടി.എസ്.ഡബ്ല്യു.ആർ.ഇ. ഐ.എസ്. യുടെ അന്നത്തെ സെക്രട്ടറിയുമായ ഡോ. ആർ. എസ്. പ്രവീൺ കുമാർ ഒരു ദൗത്യവുമായി സ്കൂളിലെത്തി.
വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ആശങ്കാജനകമാണ്, അത് നിയന്ത്രിക്കേണ്ടതുണ്ട്.
പാഠ്യേതര പ്രവർത്തനങ്ങളുപയോഗിച്ച് ഈ സിസ്റ്റത്തിൽ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.
തന്റെ ജീവിതം എന്നെന്നേക്കുമായി മാറാൻ പോകുകയാണെന്ന് പൂർണ അറിഞ്ഞിരുന്നില്ല.
ഡോ. കുമാർ ഭോങ്കിറിലെ മലകയറ്റ വിനോദയാത്ര സന്ദർശിച്ചപ്പോൾ–
ആ കുട്ടി കയർ ഇല്ലാതെ 1000 അടിയിലധികം കയറിയല്ലോ! അവളാരാണ്?
അതാണ് സർ, പൂർണ്ണ മലവത്ത്.
മതിപ്പുതോന്നിയ കുമാർ ഡാർജലിംഗിൽ വെച്ച് മികച്ച രീതിയിലുള്ള പർവതാരോഹണ പരിശീലനത്തിനായി പൂർണ്ണയെ തിരഞ്ഞെടുത്തു.
...പിന്നെ ലഡാക്കിലെ മഞ്ഞുമല കയറ്റത്തിലൂടെ, പൂജ്യത്തിന് താഴെയുള്ള താപനിലയിൽ –35 ഡിഗ്രി സെൽഷ്യസ് വരെ താഴെ അതിജീവിക്കാൻ അവൾ പഠിച്ചു.
എട്ടു മാസത്തെ തീവ്ര പരിശീലനത്തിനൊടുവിലാണ് പൂർണ്ണ എവറസ്റ്റ് കീഴടക്കാൻ തയ്യാറായത്.
2014 മെയ് 29 ന്, 13 വയസ്സുള്ള പൂർണ്ണ എവറസ്റ്റ് കൊടുമുടി കീഴടക്കുന്ന ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ പെൺകുട്ടിയായി – 29,035 അടി ഉയരത്തിലെത്തി!
ഉച്ചകോടിയിൽ ഇന്ത്യൻ ത്രിവർണ്ണ പതാകയും തെലങ്കാനയുടെ പതാകയും സ്കൂൾ പതാകയും അവൾ അഭിമാനത്തോടെ പറത്തി.


പൂർണ്ണ ലോകമെമ്പാടുമുള്ള നിരവധി കൊടുമുടികൾ കീഴടക്കി.
2016 ൽ കിളിമഞ്ചാരോ മൗണ്ട്...
2017 ൽ എം. ടി. എൽബ്രസ്സ്
2019ൽ അക്കോൺ കാഗ്വ മൗണ്ട്...
2019 ൽ മൗണ്ട് കാർസ്റ്റൻസ് പിരമിഡ് ...
2019 ൽ മൗണ്ട് വിൻസൺ മാസിഫ്...
ഒടുവിൽ, 2022 – ൽ മൗണ്ട് ഡെനാലി, അങ്ങനെ 'സെവൻ സമ്മിറ്റ് ചലഞ്ച്' പൂർത്തിയാക്കി.
പൂർണ്ണ സമാന്തരമായി TSWREIS–ൽ നിന്ന് ആർട്ട്സ് ബിരുദം നേടി.
...തുടർന്ന് അവരുടെ ഗ്ലോബൽ അണ്ടർ ഗ്രാജുവേറ്റ് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി മിനസോട്ട സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലേക്ക് പോയി.
പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെ നിരവധി പേർ പൂർണയെ ആദരിച്ചു. 25 ലക്ഷം രൂപയും വീടും 5 ഏക്കർ പ്ലോട്ടും മറ്റ് ബഹുമതികളും അവർക്ക് ലഭിച്ചു.
നിശ്ചയദാർഢ്യവും കഠിനാധ്വാനവും കൊണ്ട് ദശലക്ഷക്കണക്കിന് ആളുകൾക്ക് പൂർണ്ണ ഒരു പ്രചോദനമാണ്.
എവറസ്റ്റ് കീഴടക്കിയ തിലൂടെ സ്ത്രീകൾക്ക് അവർ ഉദ്ദേശിക്കുന്നതെന്തും നേടാൻ കഴിയുമെന്ന് ഞാൻ തെളിയിച്ചു.
പൂർണ്ണ പഠിച്ചിരുന്ന സർക്കാർ ഗ്രാമീണ വിദ്യാലയങ്ങളിലാണ് ഏറ്റവും വലിയ മാറ്റം വന്നത്. ഒരു കാലത്ത് ശൂന്യമായ ക്ലാസ് മുറികൾ ഉണ്ടായിരുന്നിടത്ത്, ഇന്ന് പ്രവേശനത്തിനായി കുട്ടികൾ കാത്തിരിക്കുകയാണ് – കൂറ്റൻ പർവ്വതം കീഴടക്കിയതുപോലെ ഒരു മഹാ വിജയം.

# ബിക്രംജിത്ത് ചക്മ




*ജുജുബി ബെറി – ഇലന്തപ്പഴം

** ത്രിപുര പെച്ചർതലിലെ ഒരു ഗ്രാമം

^ചക്മ ഭാഷയിൽ അമ്മാവൻ




* പൂന്തോട്ടങ്ങളിലോ ഹരിതഗൃഹങ്ങളിലോ പൂക്കൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷി

# മനോജ് ബെഞ്ച്‌വാൾ




*മുത്തശ്ശി




*ഹിമാലയൻ പുൽമേടുകൾ


മനോജ് വാക്കു പാലിച്ചു. 2019 ൽ ഉത്തരാഖണ്ഡിലെ സേവ ഇന്റർനാഷണലിന്റെ പരിപാടിയായ 'പ്രാവഹ' യിൽ അദ്ദേഹം ചേർന്നു.
പ്രവാഹയിൽ, പർവതങ്ങളെ മാലിന്യമുക്തമാക്കുന്നതിനും എല്ലാ വിശുദ്ധ ഇടങ്ങളും സംരക്ഷിക്കുന്നതിനുമായി നമ്മൾ പ്രവർത്തിക്കുന്നു. എല്ലാ തോടുകളും പ്ലാസ്റ്റിക് വിമുക്തമാക്കണമെന്ന് നമ്മൾ ആഗ്രഹിക്കുന്നു. മൃഗങ്ങളും പക്ഷികളും ഈ പ്രദേശങ്ങളിലേക്ക് തിരികെ വരുന്നതിനായി നമ്മൾ മരങ്ങൾ നട്ടുപിടിപ്പിക്കുന്നു.
sewa International
sewa
മനോജിന്റെ പ്രവർത്തനത്തിൽ ആകൃഷ്ടനായ രുദ്രപ്രയാഗിലെ ജില്ലാ മജിസ്ട്രേറ്റ് മയൂർ ദീക്ഷിത് അദ്ദേഹവുമായി ഒരു കൂടിക്കാഴ്ച നടത്തി.
നിങ്ങളും നിങ്ങളുടെ ടീമും പ്രവർത്തിക്കുന്ന മേഖലകൾ ഏതൊക്കെയാണ്?
സർ, ഞങ്ങൾ ഒന്നിലധികം ഗ്രാമങ്ങളിൽ ശുചിത്വ പരിപാടികൾ നടത്തുന്നുണ്ട്. നമ്മുടെ എല്ലാ ജനങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ലഭിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.
അഡ്മിനിസ്ട്രേഷന് നിങ്ങളെ എങ്ങനെ സഹായിക്കാൻ സാധിക്കും.
പ്രാദേശിക പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പിന്തുണ കിട്ടുമെങ്കിൽ, നമ്മുടെ ലക്ഷ്യം എളുപ്പമാകും. കേദാർനാഥ് പാത എങ്ങനെ മാലിന്യമുക്തമാക്കാം എന്നതിനെക്കുറിച്ച് എനിക്ക് ധാരാളം ആശയങ്ങളുണ്ട്.
നിങ്ങൾക്ക് ഞങ്ങളുടെ പിന്തുണയുണ്ട്.
ഭരണകൂടത്തിന്റെ പിന്തുണയും മൻ കി ബാത്തിലൂടെയുള്ള പ്രധാനമന്ത്രിയുടെ പ്രോത്സാഹനവും ഉള്ളതിനാൽ, മനോജ് ബെഞ്ച്‌വാളിന് തന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കാം.



# മൻ കി ബാത്ത്

## വാല്യം–5

രോഹൻ കാലെ ജോലി സംബന്ധമായി ഗുജറാത്തിലേക്ക്  പോയപ്പോഴാണ് അവിടെയുള്ള പ്രശസ്തമായ ചില പടിക്കിണറുകൾ കാണാനിടയായത്. അവയുടെ പരിപാലനം കണ്ട് അതിൽ ആകൃഷ്ടനായ അദ്ദേഹം സ്വദേശമായ മഹാരാഷ്ട്രയിലെ പടിക്കിണറുകളുടെ ശുചീകരണ ദൗത്യം ഏറ്റെടുക്കുകയായിരുന്നു. അധികം താമസിയാതെ, ഈ പടിക്കിണറുകൾ നമ്മുടെ ടൂറിസ്റ്റ് ഭൂപടത്തിൽ രേഖപ്പെടുത്തപ്പെട്ടു, പുരാതന കാലത്തുണ്ടായിരുന്നപോലെ ഉത്സവങ്ങൾ അവയുടെ കൽപ്പടവുകളിൽ ആഘോഷിക്കാനും ആരംഭിച്ചു.

മൻ കി ബാത്തിന്റെ 5 ാം വാല്യത്തിൽ, നായർ സാർ, അവരവരുടെ ചുറ്റുപാടുകളെ മികച്ചതാക്കാൻ കഠിനാധ്വാനം ചെയ്ത യഥാർത്ഥ ജീവിതത്തിലെ നായകന്മാരുടെ കഥകൾ പറയുന്നത് തുടരുകയാണ്. മറ്റുള്ളവരെ മുന്നോട്ടു നയിക്കാനും പ്രചോദിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും മൂല്യവത്തായ എന്തെങ്കിലും ചെയ്യാനും പ്രേരിപ്പിക്കുന്ന മഹത്തായ, ധീരതയുടെയും ധൈര്യത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും കഥകളാണ് പങ്കുവയ്ക്കുന്നത്.



₹99

www.amarchitrakatha.com
ISBN 978-81-19596-82-9
9 788119 596829